മലങ്കര നസ്രാണി

തോട്ടയ്ക്കാട് മാർ അപ്രേം പള്ളി പെരുന്നാൾ സപ്ലിമെന്റ് **2026 ഫെബ്രുവരി 20**

"കുർബാനയിൽ നിന്നും ലഭിക്കുന്ന കൃപ ജീവിതത്തിൽ സ്നേഹമായി മാറണം": മാർ അപ്രേം

ഫാ. കെ. സി. ഫീലിപ്പോസ് കരുന്നാട്ട്

(വികാരി)

'പരിശുദ്ധാത്മാവിന്റെ കിന്നരം' എന്ന ബഹുമതിയോടെ സുറിയാനി സഭകൾ ആദരിക്കുന്ന പരിശുദ്ധ അപ്രേം വിശുദ്ധ കുർബാനയെക്കുറിച്ച് ആഴത്തിലുള്ള ആത്മീയ ദർശനം നൽകുന്ന മഹാനായ ഗുരുവാണ്. അദ്ദേഹത്തിന്റെ സ്തോത്രങ്ങളും ഉപദേശങ്ങളും ആരാധനയെ വെറും ആചാരമെന്നതിലുപരി ദൈവസന്നിധിയിലേക്കുള്ള പ്രവേശനമായി നമ്മെ നയിക്കുന്നു.

മാർ അപ്രേമിന്റെ പഠനത്തിൽ, വിശുദ്ധ കുർബാന ക്രിസ്തുവിന്റെ ബലിയിലെ പങ്കാളിത്തമാണ്. യേശു നൽകിയ ശരീരവും രക്തവും വിശ്വാസിക്ക് ജീവനും വിശുദ്ധിയും നൽകുന്ന ദിവ്യാനുഭവമാണെന്ന് പരിശുദ്ധ പിതാവ് വ്യക്തമാക്കുന്നു. അതിനാൽ വി. കുർബാനയോട് സമീപിക്കുന്നത് ഭക്തിയോടെയും ആത്മപരിശുദ്ധിയോടെയും ആയിരിക്കണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു. ഇതാണ് അദ്ദേഹത്തിന്റെ ഗാനങ്ങളിൽ ആവർത്തിച്ച് കേൾക്കുന്ന ആശയം. ബലിപീഠത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നത് സാധാരണ അപ്പം അല്ല; ദൈവകൃപയുടെ മഹത്തായ വരമാണ്, അത് സ്വീകരിക്കുന്നവർ സ്നേഹത്തിലും ഐക്യത്തിലും വളരണമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

മാർ അപ്രേം കുർബാനയെ സഭയുടെ ഐക്യത്തിന്റെ അടയാളമായും കാണുന്നു. കർത്താവിൽ നാം ഒന്നാകുന്നു; അതുകൊണ്ട് വൈരാഗ്യവും വിഭജനവും വിട്ട് സഹോദരസ്നേഹത്തിൽ ജീവിക്കണം. ആരാധനയിൽ ലഭിക്കുന്ന അനുഗ്രഹം ദിവസേന ജീവിതത്തിൽ പ്രതിഫലിക്കണം എന്നതാണ് അദ്ദേഹത്തിന്റെ ശക്തമായ ആഹ്വാനം.

മാർ അപ്രേമിന്റെ ഗാനം പോലെ, നമ്മുടെ ഹൃദയങ്ങളും സ്തുതിയുടെ കിന്നരമായി മുഴങ്ങണം.

പരിശുദ്ധ അപ്രേം പിതാവിന്റെ ഓർമ്മ പെരുന്നാളിൽ നാം പ്രാർത്ഥനയോടുകൂടി കടന്നുവരികയാണ്. പെരുന്നാൾ ആചരണത്തിന്റെ ഏറ്റവും കാതലായത് വിശുദ്ധ കുർബാനയാണ്. മാർ അപ്രേം നമ്മെ പഠിപ്പിക്കുന്നത്, കുർബാനയിൽ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കപ്പെടുന്നു എന്നതാണ്. ദൈവം തന്റെ ജനങ്ങളോടൊപ്പം വസിക്കാൻ ഇറങ്ങിവരുന്ന മഹത്തായ നിമിഷം.

ഈ ബലിപീഠത്തിൽ നാം സ്വീകരിക്കുന്നത് രക്ഷകന്റെ ജീവൻ തന്നെയാണ്. അതുകൊണ്ട് ഈ പെരുന്നാൾ ദിവസം നന്ദിയുടെയും സ്തുതിയുടെയും സ്തോത്രത്തിന്റെയും ദിനമാണ്.

വി.കുർബാനയിൽ നിന്ന് ലഭിച്ച കൃപ നമ്മെ കൂടുതൽ സ്നേഹമുള്ളവരാക്കി, മറ്റുള്ളവർക്കു അനുഗ്രഹമായി മാറ്റണം. കുടുംബങ്ങളിലും ഇടവകയിലും സമൂഹത്തിലും സമാധാനം വളരണം.

മാർ അപ്രേമിന്റെ ഗാനം പോലെ, നമ്മുടെ ഹൃദയങ്ങളും സ്തുതിയുടെ കിന്നരമായി മുഴങ്ങണം.

കുർബാനയിൽ പങ്കുചേരുന്ന ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ പ്രകാശം ലോകത്തിലേക്ക് കൊണ്ടുപോകുന്ന സാക്ഷിയാകണം. അങ്ങനെ ക്രിസ്തുവിന്റെ നല്ല സാക്ഷികൾ ആകുവാൻ ഈ പെരുന്നാൾ നമുക്ക് ഇടയാക്കി തീർക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ കാവൽ പിതാവായ മാർ അപ്രേമിന്റെ ദുക്റോനോ പെരുന്നാളിന് ഫാ. കെ. സി. ഫിലിപ്പോസ് കരുന്നാട്ട്, ഫാ. മാത്യു കുരുവിള തറവട്ടത്തിൽ, ഫാ. സി. സി. കുര്യൻ ചുണ്ടമണ്ണിൽ എന്നിവരുടെ കാർമികത്വത്തിൽ കൊടിയേറ്റുന്നു.

മാർ അപ്രേം പെരുന്നാൾ ഇന്നും നാളെയും

തോട്ടയ്ക്കാട്: മാർ അപ്രേം പള്ളിയിൽ കാവൽപിതാവായ മാർ അപ്രേമിന്റെ ദുക്റോനോ പെരുന്നാളിനു കൊടിയേറി.

20-നു 6-നു സന്ധ്യാ നമസ്കാരം. മാർ അപ്രേം അനുസ്മരണ പ്രഭാഷണം ഫാ. പി. കെ. ഗീവർഗീസ് നിരണം നിർവ്വഹിക്കും.

21-നു 8.15നു മലബാർ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ പക്കോമിയോസ് കുർബാന അർപ്പിക്കും.

10-നു കുഞ്ഞുങ്ങൾക്ക് ആദ്യാക്ഷരം കുറിക്കൽ, 10.30-നു പ്രദക്ഷിണം, ശ്ലൈഹിക വാഴ്വ്, വെച്ചൂട്ട് നേർച്ച, കുഞ്ഞുങ്ങൾക്ക് ആദ്യ ചോറൂണ്.

22-നു പുലർച്ചെ 5.15 നു കുർബാന, 10.30-നു കൊടിയിറക്ക്.

ഫാ. കെ.സി.ഫിലിപ്പോസ് കരുനാട്ട്, ഫാ.മാത്യു കുരുവിള തറവട്ടത്തിൽ, ട്രസ്റ്റി മാണി സഖറിയ ചേലമറ്റത്തിൽ, സെക്രട്ടറി അനിൽ ആൻഡ്രൂസ് ആനി ക്കപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകും.

മാർ അപ്രേമിന്റെ ഓർമ്മപെരുന്നാളിൽ നടത്തപ്പെടുന്ന പ്രധാന ചടങ്ങുകളിൽ ഒന്നാണ് വെച്ചൂട്ട്. ഈ വർഷം ഫെബ്രുവരി 21-ന് വി. കുർബാനയെ തുടർന്നാണ് വെച്ചൂട്ട് നേർച്ച നടത്തപ്പെടുന്നത്. ചോറും കറികളും കൂടാതെ ഉപ്പേരിയും പപ്പടവും പായസവുമൊക്കെയായി ചെറിയ സദ്യവട്ടമായി വിശ്വാസികളെ പന്തിയിരുത്തി ഇലയിൽ വിളമ്പിക്കൊടുത്താണ് വെച്ചൂട്ട് നടത്താറുള്ളത്.

നാനാജാതി മതസ്ഥരായ അനേകർ വെച്ചൂട്ട് നേർച്ചയിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നു.

ഭൂലോക മല്പാന്റെ ഓർമ്മപെരുന്നാൾ അനുഗ്രഹത്തിനായി തീരട്ടെ

ഫാ. വി. എം. ഏബ്രഹാം വാഴയ്ക്കൽ, വാകത്താനം

മാർ അപ്രേം പള്ളിയിൽ പ്രവർത്തിക്കുവാൻ ഇടയായ കാലഘട്ടം എന്റെ ജീവിതത്തിലെ ഏറ്റം ശ്രേഷ്ഠമായ അവസരമായി ഞാൻ കണക്കാക്കുന്നു. കാരണം ആരാധനയേയും ആരാധനാ സംഗീതത്തേയും എത്രത്തോളം ശ്രേഷ്ഠമാക്കുവാൻ കഴിയുമോ അത്രത്തോളം അതിനായി മരണപര്യന്തം അദ്ധ്വാനിച്ച ഒരു പിതാവിന്റെ നാമത്തിലാണ് ഈ ദേവാലയം സ്ഥാപിതമായിരിക്കുന്നത് എന്നതു തന്നെ. മലങ്കര സഭയിൽ ഈ പരിശുദ്ധ പിതാവിന്റെ നാമത്തിൽ അറിയപ്പെടുന്ന സ്ഥാപനങ്ങൾ തന്നേ അംഗുലീപരിമിതമാണ്. അതിൽ നമ്മുടെ ദേവാലയത്തിന് പ്രഥമ സ്ഥാനം തന്നേ ഉണ്ട്.

എന്നോടൊപ്പം ആ കാലത്തു പ്രവർത്തിച്ച ഭരണസമിതിയുടെ താല്പര്യപ്രകാരം മലങ്കര ഒട്ടുക്കുള്ള എല്ലാ അപ്രേം സ്ഥാപനങ്ങളും സന്ദർശിക്കുകയും ഒരു ഗവേഷണ താല്പര്യത്തോടെ അപ്രേം പിതാവിന്റെ ഒരു ജീവചരിത്ര പുസ്തകം പ്രസിദ്ധീകരിച്ചതും ഒരു വലിയ കാര്യം തന്നെയായിരുന്നു. അതുവരെയും ആരാധനാ സംവിധാനത്തെ ക്രമപ്പെടുത്തിയ മാർ അപ്രേമിന്റെ ഒരു പെരുന്നാൾ ക്രമം മലയാളത്തിൽ ഉണ്ടാക്കിയിരുന്നില്ല. വളരെ മനോഹരമായ ഗാനങ്ങളാൽ സമൃദ്ധമായ ഒരു പെങ്കീസാ പെരുന്നാൾ ക്രമം വന്ദ്യ കോനാട്ട് അബ്രഹാം മാർ എപ്പിസ്കോപ്പായുടെ പരിശ്രമത്താൽ നമുക്കായി ഉണ്ടാക്കിതരുകയും അതിലെ ഗാനങ്ങൾ ബഹു. അച്ചൻ തന്നേ പഠിപ്പിച്ച് അപ്രേമിന്റെ പെരുന്നാൾ അച്ചൻ വന്നു നടത്തി അനുഗ്രഹിച്ച കാര്യവും പ്രത്യേകം പ്രസ്താവ്യമത്രേ. ഈ പള്ളിയിലെ ശുശ്രൂഷക സംഘത്തിന്റെ സഹകരണവും ഭംഗിയായി ഗാനങ്ങൾ ആലപിക്കുവാൻ പ്രാപ്തി ആയ ഗായക സംഘത്തോടൊപ്പമുള്ള ആരാധന അതെനിക്കൊരനുഭവം തന്നെയായിരുന്നു.

അന്നു തുടങ്ങിവച്ച ദേവാലയ നവീകരണ ആശയം ഇപ്പോൾ നടപ്പിലാക്കുകയാണല്ലോ. ആയതിനുള്ള എല്ലാ പ്രാർത്ഥനയും ആശംസയും നേരുന്നു. ഇപ്പോഴത്തെ പ്രവർത്തകർക്ക് അതിനുള്ള ദൈവാശ്രയവും പ്രാപ്തിയും സ്വർഗ്ഗത്തിലെ ദൈവം കലവറ കൂടാതെ ചൊരിഞ്ഞു കൊടുക്കുവാൻ പ്രാർത്ഥിക്കുന്നു. ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

(മാർ അപ്രേം പെരുന്നാൾ ഭക്തിസാന്ദ്രമായ പരിപാടികളോടെ വിപുലമാക്കിയത് വാഴക്കൽ അച്ചനാണ്. ഇപ്പോൾ മദ്യമുക്തി സംഘത്തിന്റെ അമരക്കാരനാണ്.)

മാർ അപ്രേം ഒരു അദൃശ്യ ശക്തി

മാണി സഖറിയാ ചേലമറ്റം
(ട്രസ്റ്റി)

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പരിശുദ്ധനാണ് മാർ അപ്രേം. ആ പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യ ദൈവാലയമായ തോട്ടയ്ക്കാട് പള്ളി, ഇന്നും അതി ശോഭയിൽ നിൽക്കുന്നത്, ആ പിതാവിന്റെ സാന്നിധ്യം ഒന്നുകൊണ്ടു മാത്രം ആണ്. അത് നേരിൽ അനുഭവിച്ച ഒരുപാട് ആളുകളുടെ സാക്ഷ്യം ഇന്നും ഈ പ്രദേശത്തുണ്ട്. ആ പിതാവിന്റെ പെരുന്നാൾ ആചരിക്കുക വഴി, അതിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നത്, ഇടവകക്ക് മാത്രമല്ല, ഈ ദേശത്തിനും കൂടിയാണ്. ആയതുകൊണ്ട്, ഇന്നാട്ടിലെ മുഴുവൻ ആളുകളെയും പെരുന്നാൾ ചടങ്ങുകളിലേയ്ക്കു ഹാർദ്ദവമായി ക്ഷണിച്ചുകൊള്ളുന്നു.

അത്ഭുതകരങ്ങൾ

മോനിച്ചൻ ചെത്തിക്കുളത്ത്

1962–ൽ നമ്മുടെ പഴയ പള്ളി പൊളിച്ച് തൽസ്ഥാനത്ത് പുതിയ പള്ളി പണിയുവാൻ ആരംഭിച്ചു. പുത്തേട്ടുകടുപ്പിലച്ചന്റെ നേതൃത്വത്തിൽ ഇടവകജനങ്ങൾ ഒന്നാകെ പള്ളി പണിയിൽ സാമ്പത്തികമായും, അദ്ധ്വാനം കൊണ്ടും പങ്കാളികളായി. അഞ്ചു വർഷം കൊണ്ടാണ് പണി പൂർത്തീകരിച്ചത്. പണിയുടെ പ്രധാന ചുമതലക്കാരൻ പുന്നൂസ് സാർ ആയിരുന്നു. അദ്ദേഹം വളരെ ഉത്തരവാദിത്വത്തോടെ സ്വന്തം കാര്യമായി ഏറ്റെടുത്ത് പണി നടത്തിക്കൊണ്ടിരുന്നു. അവധി ദിവസങ്ങളിൽ മുഴുവൻ സമയവും, സ്കൂളിൽ നിന്നും ഇടയ്ക്കു കിട്ടുന്ന സമയമെല്ലാം ഓടി എത്തിയും പണികൾക്ക് നേതൃത്വം നൽകുമായിരുന്നു.

അന്നത്തെ പണിക്കാരനായിരുന്ന ചാലുവേലിൽ പാപ്പൻ ജീവിച്ചിരുന്നപ്പോൾ തനിക്കുണ്ടായ ഒരു അനുഭവം പറയുമായിരുന്നു. അതാണ് ഇവിടെ വിവരിക്കുന്നത്. വാനം മാന്തൽ നടന്നു കൊണ്ടിരുന്ന സമയം. ഏതാനും ദിവസം കൂടി പണിതാൽ വാനം മാന്തൽ പൂർത്തിയാകും. ഒരു ദിവസം കുഴിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് കുഴിയിൽ നിന്നും ഒരു കൈ ഉയരുന്നതായി കണ്ടു. പെട്ടെന്ന് പണി നിർത്തി. തന്റെ തോന്നലാകും എന്ന് മനസ്സിൽ കരുതി. അന്ന് രാത്രിയിൽ ഉറക്കം വന്നതേയില്ല. വെളുപ്പിന് ഒരു മയക്കത്തിൽ ഞെട്ടി ഉണർന്നു. തന്റെ അടുത്ത് ഒരു തിരുമേനി വന്ന് പണിയിൽ തെറ്റുണ്ട് എന്ന് പറയുന്നതായി സ്വപ്നം കണ്ടു. വെളുപ്പിനെ തന്നെ പുന്നൂസ് സാറിന്റെ മനസ്സിലും ചില സംശയങ്ങൾ ഉണ്ടായി. വീണ്ടും അളന്നു നോക്കിയപ്പോൾ വാനം മാന്തലിൽ തെറ്റ് കണ്ടുപിടിക്കുകയും മാറ്റി വെട്ടുകയും ചെയ്തു. പള്ളിയുടെ നാമകരണം മുതൽ പല ഘട്ടങ്ങളിലും വി. മദ്ബഹായിലും പരിശുദ്ധനായ മാർ അപ്രേമിന്റെ സാന്നിധ്യം നമ്മുടെ ഇടവകക്കാർ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. പണിയിൽ വന്ന തെറ്റു ചൂണ്ടിക്കാണിച്ചതും മാർ അപ്രേമിന്റെ അത്ഭുതകരങ്ങളാണ്.

1966 ഡിസംബർ 29–ന് പള്ളിയുടെ കൂദാശവേളയിൽ പള്ളി പണിയിൽ പുന്നൂസ് സാർ ചെയ്ത ആത്മാർത്ഥ സേവനത്തിന് നന്ദിയായി ഇടവകയുടെ സ്നേഹസമ്മാനമായി ഒരു സ്വർണ്ണമോതിരം പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ നൽകി ആദരിച്ചു. പള്ളിയുടെ അന്നത്തെ സാമ്പത്തിക ബുദ്ധിമുട്ട് അറിയാമായിരുന്ന സാർ സ്നേഹസമ്മാനമായി ദൈവാലയത്തിന് ആ മോതിരം തിരികെ സമർപ്പിച്ചു. സാറിന്റെ കണക്കിലുള്ള മികച്ച വൈഭവവും പള്ളിപണിക്കു ഗുണം ചെയ്തു. ഒരു ലക്ഷം രൂപയ്ക്ക് പള്ളി പണി പൂർത്തീകരിക്കുവാനും സാധിച്ചു.

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...

റെജി കെ. മുണ്ടാക്കൽ
സിബി പാടിക്കൽ
കൊച്ചുമോൻ നെടുന്തറ
സണ്ണി ചക്കംചിറ

പെരുന്നാൾ ആശംസകൾ

സെന്റ് ഡയനീഷ്യസ് ഫോറം
മാർ അപ്രേം യൂണിറ്റ്
തോട്ടയ്ക്കാട്

St. Dionysious Health Desk
സൗജന്യ
മെഡിക്കൽ ചെക്കപ്പ്
എല്ലാ മാസവും ആദ്യ ഞായറാഴ്ച മാർ അപ്രേം പള്ളിയിൽ സൗജന്യ ബ്ലഡ് ഷുഗർ, പ്രഷർ പരിശോധന നടക്കുന്നു.
ഫോൺ: 9446664921

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

ബോബൻ
ഓലിക്കര
പീടികയിൽ

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

ജോയ്സ് തോട്ടയ്ക്കാട്
ശോഭ ജോയ്സ്
സോഫിയാ മേരി ജോയ്സ്
കണ്ണൻതുരുത്തിൽ

പ. ത്രിത്വത്തിനു മഹത്വം കൊടുക്കുക

ഒരു ദിവസം കപ്പദോക്യൻ പിതാവായ വലിയ മാർ ബസ്സേലിയോസ് പരിശുദ്ധാത്മാവിനെപ്പറ്റി പഠിപ്പിച്ചപ്പോൾ 'പിതാവും പുത്രനും പ. റൂഹായും' എന്നു പറഞ്ഞതിൽ അവർ തർക്കിച്ചു. അതിന് മുമ്പ് പ. റൂഹായും എന്ന് പറയുകയില്ലായിരുന്നു.

"സഹോദരന്മാരേ ഇതിൽ നിങ്ങൾ കലഹിക്കേണ്ടാ. ഇതു ബെസ്നഹറീൻകാരനായ ദൈവമനുഷ്യനിൽ നിന്നും ഞാൻ കേട്ടതാകുന്നു. പ. ത്രിത്വത്തിനു മഹത്വം കൊടുക്കുമ്പോൾ എല്ലാ ദിവ്യനാമങ്ങൾക്കും 'ഉം' എന്ന വിസർഗ്ഗം ചേർക്കാതെ മഹത്വം കൊടുക്കാൻ പാടില്ല. അതിനാൽ മഹത്വം കൊടുക്കുമ്പോൾ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നു പറയണം" എന്നു പറഞ്ഞു. അപ്പോൾ ജനം അനുസരിച്ചു.

നോമ്പിന്റെ രണ്ടാം ദിവസം സ്തുതിയെപ്പറ്റി ബസ്സേലിയോസ് പഠിപ്പിച്ചു. ഇതു തന്റെ സ്വന്തവാക്കല്ല, അപ്രേമിന്റെ വചനമാകുന്നുവെന്ന് ബസ്സേലിയോസ് പറഞ്ഞു.

ഒരു കോഴി മുട്ടയുടെമേൽ പൊരുന്നയിരിക്കയും അതിന്റെ ചൂടു മുഖാന്തിരം ജീവനുണ്ടാകയും ചെയ്യുന്നപ്രകാരം ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൽ ആവസിച്ച് അതിനു ജീവൻ നല്കി. അതിനാൽ ദൈവാത്മാവ് സ്രഷ്ടാവാകുന്നുവെന്നും അതിന് ഒരു കുറവുമില്ലെന്നും പഠിപ്പിച്ചു.

മാർ അപ്രേം: കത്തോലിക്കാ സഭയുടെയും പുണ്യാത്മാവ്

ഫിലിപ്പ് ചെറിയാൻ മാത്തൂർ
(സെന്റ് ജോർജ് കാത്തലിക് ചർച്ച്, തോട്ടയ്ക്കാട്)

സിറിയൻ സഭയിലെ പ്രമുഖ വേദപാരംഗതനാണ് കവിയും വാഗ്മിയും പരിശുദ്ധാത്മാവിന്റെ വീണയുമായ മാർ അപ്രേം. പൗരസ്ത്യ ഓർത്തഡോക്സ് സഭയിലും കത്തോലിക്കാ സഭയിലും അദ്ദേഹം ഏറെ ബഹുമാനിക്കപ്പെടുന്നു. കത്തോലിക്കാ സഭയിൽ മാർ അപ്രേം സഭയുടെ ഡോക്ടറായി ബഹുമാനിക്കപ്പെടുന്നു. ദൈവശാസ്ത്രത്തിനോ സിദ്ധാന്തത്തിനോ വലിയ സംഭാവനകൾ നൽകിയ വിശുദ്ധർക്ക് കത്തോലിക്കാ സഭ നൽകുന്ന പദവിയാണ് ഡോക്ടർ ഓഫ് യൂണിവേഴ്സൽ ചർച്ച്.

ആദ്യകാല ക്രിസ്ത്യൻ ആരാധനാക്രമവും സിദ്ധാന്തവും രൂപപ്പെടുത്തുന്നതിൽ മാർ അപ്രേം പ്രധാന പങ്ക് വഹിച്ചു. ദൈവശാസ്ത്രപരമായ അദ്ദേഹത്തിന്റെ രചനകൾ, ഗാനങ്ങൾ, കാവ്യാത്മക കൃതികൾ എന്നിവ ഇപ്പോഴും കത്തോലിക്കാ സഭയിൽ പരക്കെ ഉപയോഗിക്കുന്നു. ശുദ്ധമായ സുറിയാനി ഭാഷ കൈമുതലുണ്ടായിരുന്ന മാർ അപ്രേം എഴുതിയ അതിവിശിഷ്ട ഗ്രന്ഥങ്ങൾ അനേകരെ പാപജീവിതത്തിൽ നിന്ന് അകറ്റി. അദ്ദേഹത്തിന്റെ ജന്മദിനമായ ജൂൺ ഒൻപതിന് കത്തോലിക്കാ സഭയിൽ അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നു. മാർ അപ്രേമിന്റെ പാഠങ്ങൾ ഇന്നും ക്രിസ്തീയ വിശ്വാസികളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേയ്ക്ക് നയിക്കുന്നു.

പെരുന്നാൾ ആശംസകൾ

പരിശുദ്ധ സഭയുടെ ആരാധനയെ അർത്ഥസമ്പുഷ്ടവും, ആത്മീയ പ്രചോദനങ്ങളും ഉൾക്കൊണ്ട ഗീതങ്ങൾ രചിച്ച് നമ്മെ അനുഗ്രഹിച്ച താപസനും, പുണ്യശ്ലോകനുമായ അപ്രേം പിതാവിന്റെ പെരുന്നാളിന്റെ ആഘോഷവേളയിൽ എളിയ എന്റെയും കുടുംബത്തിന്റെയും പ്രാർത്ഥനാ നിർഭരമായ ആശംസകൾ നേരുന്നു.

അപ്രേം പിതാവിന്റെ ഓർമ്മപെരുന്നാളിൽ കുടുംബമായി സംബന്ധിച്ച് എല്ലാവർഷവും അനുഗ്രഹം പ്രാപിക്കുന്ന എല്ലാവർക്കും വന്ദ്യ പിതാവിന്റെ മദ്ധ്യസ്ഥത മുഖാന്തിരമാകട്ടെ.

- തോമസ് നൈനാൻ
ചക്കുപുരയ്ക്കൽ
(പരിയാരം സെന്റ് പീറ്റേഴ്സ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ)

അപ്രേം പള്ളിയിലെ നേർച്ചകൾ

1. കൊടി, മുത്തുക്കുട, കുരിശ്, നേർച്ച, അടിമ.
2. പള്ളിയകത്ത് വിളക്കിൽ 7 തിരിയിട്ട് എള്ളെണ്ണയിൽ തിരി തെളിയിക്കുക.
3. 13 നോമ്പ് എടുത്ത് കൽകുരിശിങ്കൽ 12 ദിവസവും മെഴുകുതിരി കത്തിക്കുകയും 13–ാമത്തെ ദിവസം ചുറ്റുവിളക്ക് കത്തിക്കുകയും ചെയ്യുക.

തോട്ടയ്ക്കാട് പള്ളിയിലെ ദിവ്യ അനുഭവങ്ങൾ

വലിയമണ്ണിൽ യോഹന്നാൻ കത്തനാരുടെ കാലത്ത് ഒരു ക്രിസ്തുമസ്സ് രാത്രിയിൽ സന്ധ്യാനമസ്കാരം കഴിഞ്ഞ് പള്ളി ശുശ്രൂഷകർ പള്ളിമുറ്റത്തു തെക്കുപടിഞ്ഞാറു ഭാഗത്തായി തീ കാഞ്ഞുകൊണ്ടിരുന്നു. അക്കാലത്ത് സന്ധ്യാനമസ്കാരശേഷം സ്വഭവനങ്ങളിൽ പോയിട്ട് രാത്രി 12 മണിയ്ക്ക് മുമ്പായി പള്ളിയിലെത്തുക ദുഷ്കരമായിരുന്നു.

ഇങ്ങനെ തീ കാഞ്ഞുകൊണ്ടിരിക്കേ വലിയമണ്ണിൽ പാലം കടന്ന് ഒരു ചൂട്ടുവെട്ടം നടന്നുവരുന്നതായി ശുശ്രൂഷകർ കണ്ടു. അത് വന്ന് പള്ളിയുടെ നട കയറുന്നതിനു മുമ്പായി ചൂട്ടുകറ്റയണച്ച് വെള്ള വസ്ത്രധാരിയായ ഒരാൾ പള്ളിയിലേക്ക് പ്രവേശിക്കുന്നതായി കണ്ടു (അന്നത്തെ പള്ളിക്ക് വലിയ കതകിൽ ഒരു പിള്ളക്കതകു കൂടി ഉണ്ടായിരുന്നു). പിള്ളക്കതകിൽ കൂടി വെള്ള വസ്ത്രധാരി ഉള്ളിലേക്ക് പ്രവേശിച്ചു. ശുശ്രൂഷകരും പിന്നാലെ പള്ളിയിൽ പ്രവേശിച്ചു. എന്നാൽ ഉള്ളിൽ ആരെയും കാണാഞ്ഞതിനാൽ ശുശ്രൂഷകർ മദ്ബഹായിലും തെരഞ്ഞു. ആരെയും കാണാതെ വന്നപ്പോൾ എല്ലാവരും അന്യോന്യം ഒന്നും സംസാരിക്കാതെ മുഖത്തോടുമുഖം നോക്കി നിന്നു. അവർ നിശബ്ദരായി വെളിയിലിറങ്ങുമ്പോൾ വീണ്ടും ചൂട്ടുവെട്ടം പള്ളിയിലേക്കു വരുന്നതു കണ്ടു. ശുശ്രൂഷകർ പടിഞ്ഞാറു ഭാഗത്തെത്തിയപ്പോൾ വല്യമണ്ണിലച്ചൻ കടന്നുവരുന്നതു കാണുകയും സംഭവിച്ച കാര്യങ്ങൾ അച്ചനോട് വിവരിക്കുകയും ചെയ്തു. പ്രത്യേക ഭാവഭേദമൊന്നുമില്ലാതെ, "നിങ്ങൾക്കറിയില്ലേ, അത് പരിശുദ്ധനായ അപ്രേം പിതാവ് അല്ലയോ" എന്ന് അദ്ദേഹം പ്രതിവചിച്ചു.

* * * * * * * * *

ഒരിക്കൽ പള്ളിയിലെ പ്രധാന ശുശ്രൂഷകൻ കുർബ്ബാന അപ്പം തയ്യാറാക്കുമ്പോൾ (അടിച്ചു കാച്ചുമ്പോൾ) ശ്രവണമധുരമായി സുറിയാനി സംഗീതം കേൾക്കുവാനിടയായി. സംഗീതത്തിന്റെ ഉറവിടം തേടി അദ്ദേഹം പള്ളിക്കകത്തും പുറത്തും തെരഞ്ഞു. എന്നാൽ ആരെയും കാണാൻ കഴിഞ്ഞില്ല. ഇത് പലർക്കും അനുഭവപ്പെട്ടിട്ടുള്ള കാര്യമാണ്. പരിശുദ്ധനായ അപ്രേം പിതാവിന്റെ തിരുസാന്നിദ്ധ്യത്തിന്റെ ഉദാത്തമായ അനുഭവസാക്ഷ്യമാണത്.

* * * * * * * * *

ഒരു രാത്രി ശുശ്രൂഷാവേളയിൽ വല്യമണ്ണിലച്ചനും ശുശ്രൂഷക്കാരനും പള്ളിയിൽ കിടന്നുറങ്ങുന്ന സമയത്ത്, ഏകദേശം രാത്രി ഒരു മണിക്ക് മദ്ബഹായിൽ നിന്നും അതിയായ സുഗന്ധം അനുഭവപ്പെട്ടു. വല്യമണ്ണിലച്ചൻ സാവധാനം എഴുന്നേറ്റ് തിരശ്ശീല നീക്കി ഉള്ളിലേക്ക് നോക്കി. മദ്ബഹാ മുഴുവനും പുക നിറഞ്ഞിരിക്കുന്നതും ത്രോണോസിന് ഇരുവശവും അഗ്നിപ്രഭയുള്ള രണ്ട് മാലാഖമാർ നിൽക്കുന്നതും കണ്ടു. അച്ചൻ സാവധാനം മദ്ബഹായിൽ നിന്ന് ഇറങ്ങി ശുശ്രൂഷക്കാരനെ വിളിച്ച് ത്രോണോസിനടുക്കലേക്ക് കൊണ്ടുപോയി. ശുശ്രൂഷക്കാരൻ മദ്ബഹായിൽ പുക നിറഞ്ഞിരിക്കുന്നതു കണ്ടു. എന്നാൽ മാലാഖാരൂപം ദൃശ്യമായില്ല. മാർ അപ്രേമിന്റെ ദിവ്യസാന്നിദ്ധ്യത്തിന്റെ ഒരു അനുഭവ സാക്ഷ്യമാണിത്. ❑

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...

ഷാജി മാത്യു കാലായിൽ
എബി തോമസ് കയ്യാലയ്ക്കകത്ത്
ജിബോയി ചക്കംചിറ
കുര്യൻ മാലത്ത്
റോയി ജോൺ ചെത്തിക്കുളം

അപ്രേം പെരുന്നാളിന് ആശംസകൾ

സുരേഷ് ആനാറ്റിൽ

(സെക്രട്ടറി, മാർ അപ്രേം കുടുംബ കൂട്ടായ്മ)

നാലാം നൂറ്റാണ്ടിലെ പ്രമുഖ ക്രൈസ്തവ ദൈവശാസ്ത്രജ്ഞനും കവിയുമായ വിശുദ്ധ അപ്രേം 'പരിശുദ്ധാത്മാവിന്റെ വീണ' (Harp of the Holy Spirit) എന്നറിയപ്പെടുന്നു. സിറിയയിലെ നിസിബിസിൽ ജനിച്ച അദ്ദേഹം, തന്റെ ഗാനങ്ങളിലൂടെയും കൃതികളിലൂടെയും വിശ്വാസസത്യങ്ങൾ ലളിതമായി ജനങ്ങളിലേക്ക് എത്തിച്ചു. സഭയിൽ ശെമ്മാശനായി സേവനം അനുഷ്ഠിച്ച ഇദ്ദേഹം, ക്രൈസ്തവ സഭയിലെ അനേകം പ്രാർത്ഥനാ ഗീതങ്ങളുടെയും കവിതകളുടെയും രചയിതാവാണ്. ക്രൈസ്തവ പാരമ്പര്യത്തിൽ അദ്ദേഹത്തിന്റെ ആശയങ്ങൾ ഇന്നും വലിയ സ്വാധീനം ചെലുത്തുന്നു.

ആ പരിശുദ്ധന്റെ പുണ്യ സ്മരണയ്ക്കായി തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് കത്തോലിക്കാ പള്ളിയുടെ കുടുംബ കൂട്ടായ്മയായ മാർ അപ്രേം കൂട്ടായ്മയുടെ പേരിൽ ആ പരിശുദ്ധന്റ ഓർമ്മ തിരുനാളിന് പ്രാത്ഥനാ ആശംസകൾ നേരുന്നു.

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

ബെന്നി പി. തോമസ് പ്ലാപ്പറമ്പിൽ
ജേക്കബ് തോമസ് കയ്യാലയ്ക്കകത്ത്
വർഗീസ് ചാണ്ടി ചക്കാലയിൽ
ജഗു അഞ്ചേരി കുഴിയാത്തുകടുപ്പിൽ
രാജു തോമസ് കളപ്പുരയ്ക്കൽ
രാജൻ മാത്യു നാങ്കുന്നേൽ
കൊച്ചുമോൻ കുഴിയാത്തുകടുപ്പിൽ
(ഡി & ഡി ഹോട്ടൽ)

ഓർമ്മകൾക്കു മുമ്പിൽ പ്രണാമം

അപ്രേം പെരുന്നാളിന് ആരംഭം മുതലേ നമ്മോടൊത്തു പ്രവർത്തിച്ച് നമ്മിൽ നിന്നു വിട്ടുപിരിഞ്ഞ് കർത്ത്യസന്നിധിയിൽ പ്രവേശിച്ച

കൊച്ചുമോൻ മാലത്ത്

ബാബു ചക്കംചിറ

പെരുന്നാൾ ആശംസകൾ

താബോർ ടെക്സ്റ്റൈൽസ് & ലേഡീസ് ടെയ്‌ലറിങ്
മാർ അപ്രേം പള്ളി ജംഗ്ഷൻ
തോട്ടയ്ക്കാട്

ഭാരതത്തിലെ മാർ അപ്രേമിന്റെ നാമത്തിലുള്ള ആദ്യ ദേവാലയം

കുരുവിള സി. ജെ. ചക്കംചിറ

മാർ അപ്രേം ഗുഹയ്ക്കുള്ളിൽ പ്രാർത്ഥനയിലും ധ്യാനത്തിലും എഴുത്തിലും മുഴുകി കഴിഞ്ഞു എങ്കിലും അദ്ദേഹത്തിന്റെ ഖ്യാതി എല്ലായിടത്തും പരന്ന് കഴിഞ്ഞിരുന്നു. ആശ്രമവാസികൾ അപ്രേമിനെ ഗുഹയ്ക്കുള്ളിൽ ചെന്നു കാണുവാൻ ശ്രമിച്ചെങ്കിലും മറ്റുള്ളവരിൽ നിന്നകന്നിരിക്കാൻ ആണ് അദ്ദേഹം ശ്രമിച്ചത്. താഴ്‌വാരത്തിൽ തന്റെ ഒളിവിടത്തിൽ ഒരു ദൂതൻ അപ്രേമിന് പ്രത്യക്ഷനായി "അപ്രേമേ നീ എവിടേയ്ക്കാണ് ഓടുന്നത്" എന്ന് ചോദിച്ചു. അതിന് അപ്രേം "ഞാൻ ഈ ലോകത്തിലെ ബഹളത്തിൽ നിന്ന് മാറി ഏകാന്തതയിൽ വസിക്കുവാൻ ആഗ്രഹിക്കുന്നു" എന്ന് മറുപടി പറഞ്ഞു. ദൂതൻ പറഞ്ഞു, "നുകം ഇഷ്ടപ്പെടാത്ത കാളക്കുട്ടിയെപ്പോലെ അപ്രേം എന്നിൽ നിന്ന് ഓടിപ്പോകുന്നു എന്നു നിന്നെക്കുറിച്ചു പറയാതിരിക്കുവാൻ സൂക്ഷിച്ചുകൊൾക." അപ്രേം സങ്കടത്തോടെ പറഞ്ഞു, "ഞാൻ ശക്തിഹീനനും അയോഗ്യനുമാണല്ലോ." "വിളക്കു കൊളുത്തി പറയിൻകീഴിലല്ല. എല്ലാവർക്കും പ്രകാശം കിട്ടുമാറ് തണ്ടിന്മേൽ അത്രെ വയ്ക്കുക" എന്ന് ദൂതൻ പറഞ്ഞ് അപ്രത്യക്ഷനായി.

ആരാലും അറിയപ്പെടരുതെന്ന് ആഗ്രഹിച്ച ആ പരിശുദ്ധൻ എ.ഡി. 373-ൽ മരണം പ്രാപിച്ചു. പക്ഷേ ആദ്യ നൂറ്റാണ്ടുകൾ മുതൽ തന്നെ അദ്ദേഹം എഴുതിയിട്ടുള്ള പ്രാർത്ഥനകളും ഗാനങ്ങളും പ്രചാരത്തിലായി. അദ്ദേഹം മരിച്ച് 1490 വർഷങ്ങൾ കഴിഞ്ഞ് മാലാഖയുടെ പ്രവചനം ഭാരതത്തിൽ തോട്ടയ്ക്കാട് എന്ന ഗ്രാമത്തിൽ സഫലമായി.

തോട്ടയ്ക്കാട് നിവാസികളായ മലങ്കര നസ്രാണികൾ പള്ളി സ്ഥാപിക്കുവാൻ തുടങ്ങിയപ്പോൾ ആരുടെ നാമത്തിൽ പള്ളി സ്ഥാപിക്കണം എന്ന കാര്യത്തിൽ ചെറിയ തർക്കം ഉണ്ടായി. വി. മാതാവിന്റെയും വി. ഗീവർഗീസ് സഹദായുടെയുമൊക്കെ പേരുകൾ വന്നെങ്കിലും പള്ളി സ്ഥാപിക്കുവാൻ വന്ന യൂയാക്കിം മാർ കൂറിലോസ് ആർക്കും പരിചിതമല്ലാതിരുന്ന മാർ അപ്രേം എന്ന പരിശുദ്ധന്റെ നാമം നിർദ്ദേശിച്ചു.

അഞ്ച് പരിശുദ്ധന്മാരുടെ പേരുകൾ 3 പ്രാവശ്യം കുറിയിട്ടപ്പോഴും 3 പ്രാവശ്യവും മാർ അപ്രേം എന്ന പേരു മാത്രം കിട്ടുകയും പള്ളിക്ക് അദ്ഭുതകരമായി മാർ അപ്രേം എന്ന പേരിടുകയും ചെയ്തു.

തോട്ടയ്ക്കാട് കരയ്ക്കും പരിയാരം കരയ്ക്കും മദ്ധ്യേ ഒന്നര നൂറ്റാണ്ടിനപ്പുറം പരിശുദ്ധനായ മാർ അപ്രേമിന്റെ നാമത്തിൽ ഭാരതത്തിൽ ആദ്യമായി ഈ ദേവാലയം സ്ഥാപിതമായി. ആ നാളുകളിൽ നാട്ടിൽ പടർന്നിരുന്ന കോളറ, വസൂരി തുടങ്ങിയ രോഗങ്ങൾ മൂലം ജനങ്ങൾ കഷ്ടപ്പെട്ടിരുന്നു. വസൂരി മൂലം വളരെപ്പേർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു. പരിശുദ്ധനായ മാർ അപ്രേമിന്റെ നാമത്തിലുള്ള ഈ ദൈവാലയം ഇവിടെ സ്ഥാപിതമായതോടെ ഈ രോഗം മൂലമുള്ള മരണങ്ങൾ ഇവിടെ കുറഞ്ഞു. രോഗവും ക്രമേണ നാട്ടിൽ നിന്നും അപ്രത്യക്ഷമായി. ജനങ്ങൾക്ക് പരിശുദ്ധനായ മാർ അപ്രേമിനോടുള്ള വിശ്വാസം വർദ്ധിക്കുവാൻ അക്കാലത്ത് അതൊരു കാരണമായി.

പരിശുദ്ധനായ മാർ അപ്രേമിനോടുള്ള മദ്ധ്യസ്ഥത മൂലം രോഗസൗഖ്യങ്ങളും സന്താനലബ്ധിയും കഷ്ടപ്പാടുകളിൽ നിന്നുള്ള മോചനവും ലഭിച്ചവർ നിരവധിയാണ്.

ഈ പരിശുദ്ധന്റെ ദിവ്യസാന്നിധ്യം അറിഞ്ഞ പുരോഹിതശ്രേഷ്ഠന്മാർ നമുക്കുണ്ടായിരുന്നു. രാത്രികാലങ്ങളിൽ സുറിയാനിയിൽ ശ്രവണമധുരമായ ഗീതങ്ങൾ കേട്ടിട്ടുള്ളവരും അക്കാലങ്ങളിൽ ഉണ്ടായിരുന്നു.

ദൈവം എല്ലാവർക്കും പ്രകാശം കിട്ടുമാറ് മാർ അപ്രേമിന്റെ നാമം നമ്മെ ഏൽപിച്ചിരിക്കുന്നു. കർത്താവ് ഏറെ സ്നേഹിക്കുന്ന മാർ അപ്രേമിന്റെ നാമം ഭാരതത്തിൽ സൂക്ഷിക്കുവാനും പ്രചരിപ്പിക്കുവാനും നമ്മെ ഏല്പിച്ച ദൗത്യം നമുക്ക് നിർവഹിക്കാം.

വിദ്യാരംഭം

വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥനായ മാർ അപ്രേമിന്റെ ഓർമ്മ പെരുന്നാളായ മാർച്ച് 8-ന് ആ പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിതമായ തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ എബ്രഹാം മാർ സ്തേഫാനോസിന്റെ കരങ്ങളാൽ കുരുന്നുകൾക്ക് ആദ്യാക്ഷരം കുറിക്കപ്പെടുന്നു. വിശദവിവരങ്ങൾക്ക് ദയവായി താഴെ നൽകുന്ന നമ്പരിൽ ബന്ധപ്പെടുക: **Mob. 9847968090, 9745450808, 9495287582**

പെരുന്നാൾ ആശംസകൾ

Sweet House Bakers

Opp. Mar Aprem Orthodox Church

Thottackad

പെരുന്നാൾ ആശംസകൾ

Oolakkal Pipes & Lights

Thottackad



Edited, Printed and Published by Joice Thottackad on behalf of Malankara Orthodox TV. Mob: 9947120697. DTP & Printing: Sophia Print House, Kottayam